

# പുളിങ്കര
# സെന്റ് മേരീസ് ഇടവക

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ തന്നെ പുളിങ്കര പ്രദേശങ്ങളിൽ മനുഷ്യർ കുടിയേറി കൃഷിചെയ്യാൻ തുടങ്ങി. മലമ്പനിയോടും 'ദീനം' എന്ന മഹാരോഗത്തോടും കാട്ടുമൃഗങ്ങളോടും മല്ലടിച്ചുകൊണ്ടുള്ള ജീവിതം വളരെ ദുസ്സഹമായിരുന്നു. ജനവാസം ഉണ്ടായിരുന്നെങ്കിലും ആദ്ധ്യാത്മിക ആവശ്യങ്ങൾക്ക് കുറ്റിക്കാട് പള്ളിയായിരുന്നു ശരണം. അമ്പുസമുദായത്തിന്റെ നിരന്തര ശ്രമഫലമായി ഇവിടെ ഒരു കപ്പേള പണിയാനായി പണം സ്വരൂപിക്കുകയും 1942-ൽ 8 സെന്റ് സ്ഥലം വാങ്ങി ഒരു സമുദായ കപ്പേള (സെന്റ് സെബാസ്റ്റ്യൻ കപ്പേള) പണിയുകയും ചെയ്തു. അങ്ങനെ കപ്പേളയിൽ എല്ലാദിവസവും സന്ധ്യാവേളയിൽ പ്രാർത്ഥിക്കുകയും, മെയ്മാസത്തിലെ വണക്കമാസതിരുനാൾ ആഘോഷപൂർവ്വം നടത്തുകയും ചെയ്തുപോന്നു. കപ്പേളതിരുന്നാളിന് കുർബാന വേണമെന്ന ആഗ്രഹത്താൽ, അതിനുള്ള നീക്കങ്ങൾ തുടങ്ങി. അതേ സ്ഥലത്താണ് ഇന്നത്തെ പുളിങ്കര സെന്റ് മേരീസ് പള്ളി പണിതീർത്തിരിക്കുന്നത്.

പുളിങ്കര ഇടവകയുടെ ചുറ്റുമായി മോതിരക്കണ്ണി, ചായ്പൻകുഴി, വീരൻചിറ, വെള്ളിക്കുളങ്ങര, മാരാംകോട് എന്നീ ഇടവകകൾ സ്ഥിതിചെയ്യുന്നു.

## കപ്പേളയിൽ കുർബാന

തൃശ്ശൂർ രൂപതയുടെ മെത്രാൻ അഭിവന്ദ്യ മാർ ജോർജ്ജ് ആലപ്പാട്ട് തിരുമേനിയുടെ അനുവാദത്തോടെ 1946 ആഗസ്റ്റ് 15-ാം തിയ്യതി (പരി. മാതാവിന്റെ സ്വർഗാരോപണത്തിരുന്നാളിൽ) കുറ്റിക്കാട് പള്ളി വികാരിയായിരുന്ന ബഹു. യാക്കോബ് വടാശ്ശേരി അച്ചൻ പുളിങ്കരയിൽ ആദ്യമായി ദിവ്യബലി അർപ്പിച്ചു. 1950 മുതൽ ഞായറാഴ്ചതോറും ഒരു കുർബാന ചൊല്ലാൻ കുറ്റിക്കാട് പള്ളി വികാരിയെ മെത്രാൻ ചുമതല ഏല്പിച്ചു.

ചെറിയ കപ്പേളയുടെ മുൻഭാഗത്തെ "ചാർത്ത്" മാത്രമായിരുന്നു കുർബാനയ്ക്ക് വരുന്നവർക്കുള്ള ഏക ആശ്രയം. വർദ്ധിച്ചുവരുന്ന ജനങ്ങൾക്ക് ആ സ്ഥലം പോരാതെ വന്നപ്പോൾ 1954-ൽ മുൻഭാഗം പൊളിച്ച് ചെറിയ ഒരു നടപ്പുര പണിതു. 1960-ൽ ബഹു. തോമസ് താടിക്കാരനച്ചൻ കുറ്റിക്കാട് പള്ളി

വികാരിയായിരിക്കുമ്പോഴാണ് ഇത് പൊളിച്ച് പള്ളിയാക്കിയത്. 1958-ൽ സിമിത്തേരി പണിതീർത്തു. പിന്നീട് 1972-ൽ പുതിയ പള്ളി പണിത അവസരത്തിൽ അത് പൊളിച്ചെടുത്ത സാമഗ്രികൾ കൊണ്ട് പള്ളിയുടെ പടിഞ്ഞാറെ പറമ്പിൽ ഹാൾ പണിതു. ഇതിനിടയിൽ അടുത്തുള്ള പറമ്പിൽ നിന്ന് കുറച്ച് ഭൂമി വാങ്ങുകയും ചെയ്തു.

## വൈദികമന്ദിരം, ഓഫീസ്

28.2.1961-ൽ വികാരിയച്ചന് താമസിക്കാനുള്ള സൗകര്യവും കൈക്കാരനുള്ള ഓഫീസും ബഹു. താടിക്കാരനച്ചന്റെ നേതൃത്വത്തിൽ പണിതീർത്തു. പള്ളിയോടനുബന്ധിച്ച് അന്ന് പ്രവർത്തിച്ചിരുന്ന "മോണിങ്ങ് സ്റ്റാർ" ക്ലബ്ബിന്റെ സ്ഥലം പള്ളിക്കുവേണ്ടി ദാനം ചെയ്തുവെന്നതും സ്തുത്യർഹമാണ്. 1964 ജൂണിൽ ബഹു. ആന്റണി കിഴക്കൂടനച്ചൻ വികാരിയായി വന്നു. 1965-ൽ കപ്പേളയുടെ സുഗമമായ പ്രവർത്തനത്തിന് കുടുംബങ്ങളെ 4 സമുദായങ്ങളായി തിരിച്ചു. 1. പുളിങ്കര തെക്കേ സമുദായം 2. പുളിങ്കര വടക്കേ സമുദായം 3. കാരാപ്പാടം സമുദായം 4. കുറ്റിച്ചിറ സമുദായം.

## ഇടവക

ബഹു. കിഴക്കൂടൻ ആന്റണിയച്ചൻ കുറ്റിക്കാട് പള്ളിവികാരിയായിരിക്കുമ്പോൾത്തന്നെ 1971 ആഗസ്റ്റ് 29-ന് പുളിങ്കരയെ ഒരു ഇടവക പള്ളിയായി ഉയർത്തിക്കൊണ്ട് (സെന്റ് മേരീസ് ചർച്ച്, പുളിങ്കര) തൃശ്ശൂർ രൂപത അഭിവന്ദ്യ മെത്രാൻ കല്പനയായി.

## സ്ഥിരതാമസമുള്ള വികാരി

ആദ്യമായി പുളിങ്കരയിൽ സ്ഥിരം വികാരിയായിവന്ന ബഹു. ആന്റണി പുതുശ്ശേരിയച്ചന്റെ നേതൃത്വത്തിൽ പഴയ പള്ളി പൊളിച്ച് പുതിയതായി പണിയാൻ ശ്രമമാരംഭിച്ചു (1972-76). 250 കുടുംബങ്ങളാണ് അന്ന് ഉണ്ടായിരുന്നത്. 1973 മാർച്ച് 25-ന്



മതബോധനം - പാരിഷ് ഹാൾ



വി.യൗസേപ്പിതാവിന്റെ കപ്പേള, കുറ്റിച്ചിറ



സെന്റ് തോമസ് കപ്പേള, കാരാപ്പാടം

ഇടവകയുടെ സുഗമമായ പ്രവർത്തനത്തെ ലക്ഷ്യം വച്ചുകൊണ്ട് വികാരിയച്ചൻ ഇടവകയെ 7 വാർഡുകളായി പുനർവിഭജിച്ചു.

## ദേവാലയം

1975 ഡിസംബർ 27-ാം തിയ്യതി തൃശ്ശൂർ രൂപതാമെത്രാൻ അഭിവന്ദ്യ മാർ ജോസഫ് കുണ്ടുകുളം തിരുമേനി പുതിയ ദേവാലയം കൂദാശചെയ്തു. ഇതോടനുബന്ധിച്ച് 5 പ്രധാനപ്പെട്ട റോഡുകളുടെ നിർമ്മാണപ്രവർത്തനവും ശ്രമദാനത്തിലൂടെ നടത്തി. വിദ്യാഭ്യാ



പൊന്നാമ്പിയോളി കപ്പേള



പഴയ പള്ളി

സത്തിന്റെ ആവശ്യകതയെപ്പറ്റി ചിന്തിച്ച് 1974 മെയ് 12-ന് പള്ളിക്കടുത്തുള്ള ഗവ. ഹൈസ്ക്കൂളിനുവേണ്ടി പള്ളിയുടെ ഒരേക്കർ ഭൂമി സൗജന്യമായി നല്കുകയും ചെയ്തു.

1984-ൽ ബഹു. ജോൺ കവലക്കാട്ടച്ചന്റെ നേതൃത്വത്തിൽ കുറ്റിച്ചിറ വില്ലേജ് ജംഗ്ഷൻ മുതൽ പുളിങ്കര കോൺവെന്റുവരെയുള്ള റോഡുനിർമ്മാണം നടത്തി. വാഹനസൗകര്യത്തിന് സഞ്ചാരയോഗ്യമാക്കുകയും ചെയ്തു. ഇടവകയെ 12 കുടുംബസമ്മേളന യൂണിറ്റുകളായി തിരിച്ചു.

## കോൺവെന്റ്

11.4.1991-ൽ ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് അൽവേർണിയ പ്രോവിൻസിന്റെ കീഴിൽ ബ്ല. അൽഫോൻസാ കോൺവെന്റ് സ്ഥാപിതമായി. ഇടവകയുടെ വിവിധ പ്രവർത്തനങ്ങളിൽ ബഹു. സിസ്റ്റേഴ്സ് സജീവമായി സഹകരിക്കുന്നു.



അൽഫോൺസ എഫ്.സി.സി. കോൺവെന്റ്

## കപ്പേളകൾ, ഇരുനില ഹാൾ

ഇടവകയുടെ കീഴിൽ കാരാപ്പാടം, കുറ്റിച്ചിറ, പൊന്നമ്പിയോളി എന്നിവിടങ്ങളിൽ കപ്പേളകൾ ഉണ്ട്. 1994-ൽ പള്ളിയോടു ചേർന്നുള്ള ഇരുനില ഹാളും പുതിയ വൈദികമന്ദിരവും ബഹു. ഫാ. പയസ്



വെൽഫെയർ സൊസൈറ്റി കെട്ടിടം

ചിറപ്പണത്തിന്റെ നേതൃത്വത്തിൽ പണിതുയർത്തി. 1999-ൽ ഫാ. ജോൺ മാളിയേക്കലിന്റെ നേതൃത്വത്തിൽ പള്ളിയുടെ മുൻവശത്തെ കപ്പേള പണിത് മാതാവിന്റെ രൂപം പ്രതിഷ്ഠിക്കുകയും ചുറ്റുമതിൽ കെട്ടി ഗെയ്റ്റ് വെയ്ക്കുകയും ചെയയ്തു. 2006-ൽ ഫാ. തോമസ് കൂട്ടാലയുടെ നേതൃത്വത്തിൽ സിമിത്തേരിയിൽ കപ്പേള പണിയുകയും ഇടവക വൈദികരെ അടക്കം ചെയ്യുന്നതിന് കല്ലറകൾ നിർമ്മിക്കുകയും ചെയ്തു. സാമ്പത്തിക ഉന്നമനത്തിനായി പറമ്പുകളിൽ റബ്ബർമരം വെച്ച് പിടിപ്പിക്കുകയും “വെൽഫെയർ സൊസൈറ്റി”ക്ക് രൂപംകൊടുക്കുകയും ചെയ്തു.

ഇപ്പോഴത്തെ വികാരിയായ ബഹു. ബെന്നി കരിമാലിക്കലച്ചന്റെ നേതൃത്വത്തിൽ വേദപാഠഹാളും മണിമാളികയും വെൽഫെയർ സൊസൈറ്റി കെട്ടിടവും പടുത്തുയർത്തി.